**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2642** | **23-02-2026 - ൽ മറുപടിയ്ക്ക്**

**പാലാ നിയോജക മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ വഴി കാർഷികോല്പന്ന വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ കർഷകർ പഴം, പച്ചക്കറി മുതലായ കാർഷിക ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വിപണിയും വിലയും ലഭിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾ വഴി മിനിമം വില ഉറപ്പാക്കി ടി ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | മിനിമം വില ഉറപ്പാക്കി പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ, കൂടുതൽ വിപണന സാദ്ധ്യത കണക്കിലെടുത്ത് സഹകരണ സംഘങ്ങൾ വഴി കാർഷിക ഉല്പന്നങ്ങൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കർഷകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മികച്ച വിലയും വിപണിയും ഉറപ്പാക്കുന്നതിനും കർഷകർക്ക് മികച്ച വിത്തിനങ്ങളും, നടീൽ വസ്തുക്കളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ജില്ലയിൽ ചുവടെ പറയുന്ന 3 FPO കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നുണ്ട്.<br><br>1.വൈക്കം ബ്ലോക്ക് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ.1249<br><br>2.ഈരാറ്റുപേട്ട ബ്ലോക്ക് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ. 1250<br><br>3.പള്ളം ബ്ലോക്ക് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ. 1251 |

സെക്ഷൻ ഓഫീസർ